# നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2023 നവംബർ വാല്യം 1

ഓൺലൈൻ വായനയ്ക്ക്



## ജലസംരക്ഷണത്തിന്റെ വിജയ മാതൃകയുമായി കേരളീയം പവലിയൻ



കേരളീയം 2023 ന്റെ ഭാഗമായി ജലസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ മിഷനുകളും വകുപ്പുകളും ഏജൻസികളും സംയുക്തമായി സംഘടിപ്പിച്ച ജലം സംരക്ഷിക്കൂ, ജീവിതം ഹരിതാഭമാക്കൂ (സേവ് വാട്ടർ സ്റ്റേ ഗ്രീൻ) എന്ന പേരിലുള്ള പ്രദർശന പവലിയൻ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് നടന്ന പ്രദർശനത്തിൽ ഹരിതകേരളം മിഷൻ, ഭൂജല വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കേരള ഇറിഗേഷൻ ഇൻഫ്രാ സ്ട്രക്ച്ചർ ഡെവലപ്മെൻറ് കോർപറേഷൻ (ജലസേചനം), ജലനിധി, കൊച്ചി വാട്ടർ മെട്രോ, കേരള വാട്ടർ അതോറിറ്റി എന്നിവയുടെ പ്രവർത്തന മാതൃകകൾ ആണ് ഉൾപ്പെടുത്തിയിരുന്നത്. മലമുകളിൽ നിന്നും താഴ്‌വരയിലേയ്ക്ക് എന്ന ആശയത്തോടെ ജലവിനിയോഗത്തിന്റെ വലിപ്പമേറിയ ഇൻസ്റ്റലേഷൻ പ്രദർശനത്തിലെ ഏറെ ശ്രദ്ധയാകർഷിക്കുന്ന ഒരിനമായിരുന്നു. മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന നീർച്ചാലുകൾ മുതൽ അണക്കെട്ട്, തടയണ, ജലസേചന തോടുകൾ, പാടശേഖരങ്ങൾ എന്നിവ വരെ ഉൾപ്പെടുന്ന കേരളത്തിന്റെ ജലവഴികളുടെ സമഗ്രത ഉൾക്കൊള്ളും വിധമാണ് ഇൻസ്റ്റലേഷൻ ക്രമീകരിച്ചിരുന്നത്. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ ആർ. പ്രിയേഷ്, ഹരിതകേരളം മിഷൻ അസി. കോർഡിനേറ്റർ എബ്രഹാം കോശി തുടങ്ങിയവർ ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്തു. ഏറെ ശ്രദ്ധേയമായ പ്രദർശനം ആയിരക്കണക്കിനാളുകൾ കാണുകയുണ്ടായി.

## കേരളീയം 2023 : പൊതുജനാരോഗ്യം സെമിനാർ സംഘടിപ്പിച്ചു




രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമായ കേരളത്തിന് മൂന്ന് പ്രാവശ്യം ദേശീയ പുരസ്കാരം ലഭിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്ജ്. കേന്ദ്രം തീരുമാനിച്ചതിനേക്കാൾ മൂന്നി രട്ടിപേർക്ക് സൗജന്യ ചികിത്സ നൽകാൻ കേരളത്തിനായെന്ന് മന്ത്രി സൂചിപ്പിച്ചു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച 'പൊതുജനാരോഗ്യം' സെമിനാറിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആർദ്രം മിഷനിലൂടെ സർക്കാർ ആശുപത്രികളെ ശാക്തീകരിക്കുകയും രോഗീസൗഹൃദമാക്കുകയും ചെയ്തുവരുന്നു. താലൂക്ക് തലം മുതലുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സ ഉറപ്പാക്കി. ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ ആരോഗ്യ സംരക്ഷണത്തിനാണ് പ്രാധാന്യം നൽകുന്നത്. രോഗ നിർമാർജനം, രോഗ പ്രതിരോധം, വൈൽനസ് പ്രവർത്തനങ്ങൾ എന്നിവയാണ് ഈ ഘട്ടത്തിൽ ലക്ഷ്യം വയ്ക്കുന്നത്. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ആർദ്രം ജനകീയ കാമ്പയിൻ ആരംഭിച്ചു. 30 വയസിന് മുകളിലുള്ള 1.49 കോടി ജനങ്ങളെ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി തുടർ ചികിത്സ ഉറപ്പാക്കി. 597 ആശുപത്രികളിൽ ഇ ഹെൽത്ത് നടപ്പിലാക്കി. ആയുഷ് രംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തി. ചടങ്ങിൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് വിഷയാവതരണം നടത്തി. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു സെമിനാറിൽ മോഡറേറ്ററായിരുന്നു. മുൻ ആരോഗ്യ വകുപ്പ് മന്ത്രി പി.കെ. ശ്രീമതി ടീച്ചർ, പബ്ലിക് ഹെൽത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ പ്രസിഡണ്ട് ഡോ. കെ. ശ്രീനാഥ് റെഡ്ഡി തുടങ്ങിയവർ സംസാരിച്ചു.

എഡിറ്റോറിയൽ

# ജലം സംരക്ഷിക്കൂ, ജീവിതം ഹരിതാഭമാക്കൂ...



കഴിഞ്ഞ ആറര പതിറ്റാണ്ടിൽ നാം പിന്നിട്ട വഴികൾ, കൈവരിച്ച നേട്ടങ്ങൾ, അറിവുകൾ, അനുഭവങ്ങൾ എന്നിവ ലോകത്തിന് മുന്നിൽ അടയാളപ്പെടുത്തിയും മുന്നോട്ടുള്ള പ്രയാണത്തിന് പുതുവഴികൾ തുറന്നും കേരളീയം 2023 ന് തിരശ്ശീല വീണു. നവകേരളം നിർമ്മിക്കുന്നതിനുള്ള ഗൗരവകരമായ ചർച്ചകളാണ് ഇതോടൊപ്പം നടന്നത്. ഭാവി കേരളത്തിനായുള്ള ഒട്ടേറെ നിർദ്ദേശങ്ങളും ആശയങ്ങളും രൂപം കൊണ്ടു. ജലസംരക്ഷണം മുൻനിർത്തിയുള്ള സെമിനാറും പ്രദർശനവും ഇൻസ്റ്റലേഷനുകളും മലിനജല സംസ്കരണത്തിനുള്ള നൂതന സാങ്കേതിക വിദ്യകളുടെ തത്സമയ പ്രവർത്തനവും ഒക്കെയായി നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ ജലമേഖലയിലെ വിവിധ വകുപ്പുകളും ഏജൻസികളും കേരളീയം 2023 ൽ സജീവമായിരുന്നു. 'ജലം സംരക്ഷിക്കൂ, ജീവിതം ഹരിതാഭമാക്കൂ' എന്ന ആശയം മുൻനിർത്തി കേരളീയത്തിൽ സംഘടിപ്പിച്ച പരിപാടികളെല്ലാം തന്നെ ഈ വിഷയത്തിൽ ശക്തമായൊരു ജനകീയ വിദ്യാഭ്യാസ പ്രവർത്തനമായിരുന്നു. അറിയാനുണ്ട് ഇനിയുമേറെ എന്ന വിധം ചിന്തയെ ഉണർത്തുന്ന പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ നവകേരളം കർമപദ്ധതി കർമപഥത്തിലെത്തിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വം, വിവിധ വകുപ്പുകളുടെ സഹകരണം, എല്ലാറ്റിനുമുപരി ജനകീയ പങ്കാളിത്തത്തിലൂടെ ഉരുത്തിരിയുന്ന മാനവികശേഷിയുമാണ് പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നത്. വികസിത രാജ്യങ്ങളുടെ ജീവിത നിലവാരത്തിലേക്ക് എത്തുകയെന്ന ലക്ഷ്യം നവകേരള സൃഷ്ടിയിലൂടെ സഫലമാക്കാം.

ഡോ. ടി.എൻ. സീമ
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി




## ജനാധിപത്യവും മതനിരപേക്ഷതയും മുൻനിർത്തി കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം : മന്ത്രി വി. ശിവൻകുട്ടി

ജനാധിപത്യത്തിലും മതനിരപേക്ഷതയിലും അടിത്തറയിടുന്ന വിദ്യാഭ്യാസം എന്ന കേരളത്തിന്റെ നിലപാട് ഇനിയും തുടരുമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. കേരളീയത്തിന്റെ ഭാഗമായി 'കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം' എന്ന വിഷയത്തിൽ ടാഗോർ തിയേറ്ററിൽ നടന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു മന്ത്രി. എല്ലാവരെയും ഉൾച്ചേർക്കുകയും ഉൾക്കൊള്ളുകയും ചെയ്യുക എന്നതാണ് കേരളത്തിന്റെ സംസ്കാരം. കേരളത്തിന്റെ വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തി വിജ്ഞാന സമൂഹത്തിലേക്കും സമ്പദ് വ്യവസ്ഥയിലേക്കും മുന്നേറണമെന്ന് യുണിസെഫ് വിദ്യാഭ്യാസ വിഭാഗം (ഇന്ത്യ) മേധാവി ടെറി ഡെറൂണിയൻ പറഞ്ഞു. വിജ്ഞാന സമൂഹത്തിലേക്കും സമ്പദ് വ്യവസ്ഥയിലേക്കും സംഭാവന ചെയ്യുന്നവരാകാൻ യുവാക്കളെ പ്രാപ്തരാക്കുന്നതിന് ചെറിയതോതിലുള്ള വിടവുകൾ നികത്തി കൂടുതൽ മുന്നേറാനുള്ള കരുത്ത് കേരളത്തിനുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എല്ലാവർക്കും വിദ്യാഭ്യാസം എന്ന കേരളത്തിന്റെ അടിസ്ഥാന നയവും വിദ്യാഭ്യാസ മേഖലയുടെ അടിത്തറയും കരുത്തും സാമൂഹ്യ ഇടപെടലുകളും ഫ്രീ സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള സ്കൂളുകളിലെ ഐടി മുന്നേറ്റവും സെമിനാറിൽ പ്രശംസനേടി. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് വിഷയാവതരണം നടത്തി. ജാമിയ മിലിയ യൂണിവേഴ്സിറ്റി എജ്യുക്കേഷൻ ഫാക്കൽറ്റി പ്രൊഫ. ഫാറ ഫാറൂഖി, സിഡോക്കാൻഹു മുർമു യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറും ജെ.എൻ.യു. സ്കൂൾ ഓഫ് കമ്പ്യൂട്ടർ ആൻഡ് സിസ്റ്റംസ് പ്രൊഫസർ സൊനാജ്ഹരിയ മിൻസ്, ബംഗളൂരു ഐടി ഫോർ ചേഞ്ച് ഡയറക്ടർ ഗുരുമൂർത്തി കാശിനാഥൻ, കൈറ്റ് സിഇഒ കെ. അൻവർ സാദത്ത്, വിദ്യാകിരണം അസി. കോർഡിനേറ്റർ ഡോ. സി. രാമകൃഷ്ണൻ എന്നിവരും പാനലിസ്റ്റുകളായിരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഷാനവാസ് എസ്. മോഡറേറ്ററായി. ആസൂത്രണ ബോർഡ് വൈസ് ചെയർ പേഴ്സൺ വി.കെ. രാമചന്ദ്രൻ, ആസൂത്രണബോർഡ് അംഗം മിനി സുകുമാർ, പാലക്കാട് ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷൻ ആൻഡ് ട്രെയിനിംഗ് സീനിയർ ലക്ചറർ ഡോ. വി.ടി. ജയറാം എന്നിവരും പങ്കെടുത്തു.




## തത്സമയ മലിനജല ശുദ്ധീകരണ സംവിധാനവുമായി ഹരിതകേരളം മിഷൻ

ദ്രവമാലിന്യ സംസ്കരണത്തിന് തത്സമയ മലിനജല ശുദ്ധീകരണ സംവിധാനവുമായി ഹരിതകേരളം മിഷൻ. ജപ്പാൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സ്ക്വാസ് സൊല്യൂഷൻസ് എന്ന കേരള സ്റ്റാർട്ടപ്പ് വികസിപ്പിച്ചെടുത്ത നൂതന മാതൃക ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ സംവിധാനം കേരളീയത്തിനോടനുബന്ധിച്ച് കനകക്കുന്നിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. സ്ക്വാസ് സൊല്യൂഷൻസ് സി.ഇ.ഒ. ഹരീഷ് പരിപാടിയിൽ സംബന്ധിച്ചു. കനകക്കുന്നിലെ മുഴുവൻ ഭക്ഷണ സ്റ്റാളുകളിലെയും മലിനജലം ശുദ്ധീകരിച്ച് റീചാർജ്ജിംഗിനായി ഉപയോഗപ്പെടുത്തുന്നത് സന്ദർശകർക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിരുന്നു. കേരളത്തിൽ നിലവിൽ ശാസ്ത്രീയ ഖരമാലിന്യ സംസ്കരണ സംവിധാനമുണ്ടെങ്കിലും ദ്രവമാലിന്യ സംസ്കരണം സംബന്ധിച്ച് കൃത്യമായ ഒരു സാങ്കേതിക വിദ്യ വ്യാപകമായിട്ടില്ല. ജലാശയങ്ങളിൽ ഉൾപ്പെടെ മാതൃകാപരമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയാണിതെന്ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പറഞ്ഞു. സംസ്ഥാന സർക്കാരുമായി ഈ സാങ്കേതിക വിദ്യ സംബന്ധിച്ച് ചർച്ച നടത്തി. പൈലറ്റടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് ഹരിതകേരളം മിഷൻ മുൻകൈയ്യെടുക്കുമെന്നും ഡോ. ടി.എൻ. സീമ സൂചിപ്പിച്ചു. കനകക്കുന്നിൽ വിവിധ പ്രദർശന മേളകളുടെ ഭാഗമായി ഒരുക്കുന്ന ഭക്ഷണശാലകളിൽ നിന്ന് പുറത്തുവരുന്ന മലിനജലം കെട്ടിക്കിടന്ന് ദുർഗന്ധം വമിക്കുന്നത് മുൻകാലങ്ങളിൽ വലിയ പ്രശ്നം സൃഷ്ടിച്ചിരുന്നു. ഈ പ്രശ്നത്തിന് കൂടിയാണ് ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ പരിഹാരമായിരിക്കുന്നത്.




## വിദ്യാർത്ഥികൾ ചെറുധാന്യകൃഷി ആരംഭിച്ചു

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ കരുമാലൂർ FMCT ഹയർ സെക്കണ്ടറി സ്കൂളിലെ NSS വിദ്യാർത്ഥികൾ ചെറുധാന്യകൃഷി തുടങ്ങി. 'ചെറുതല്ല ചെറുധാന്യങ്ങൾ' എന്ന ശീർഷകത്തിൽ ഹരിതകേരളം മിഷൻ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ചെറുധാന്യകൃഷി വ്യാപനം, കൃഷി പരിശീലന പരിപാടി, മില്ലറ്റ് പ്രദർശനമേള എന്നിവയ്ക്കാണ് തുടക്കമായത്. കരുമാലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലതാ ലാൽ വിത്തുവിതരണം ഉദ്ഘാടനം ചെയ്തു. സ്കൂൾ അങ്കണത്തിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കൃഷിയിടമൊരുക്കി മണിച്ചോളം കൃഷിയാരംഭിച്ചു. പോഷകങ്ങളുടെ കലവറയാണ് മില്ലറ്റ്സ് എന്നും, രോഗ പ്രതിരോധത്തിനും, ആയുരാരോഗ്യ സൗഖ്യത്തിനും, സഹായകമാകുന്ന ചെറുധാന്യങ്ങളുടെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷൻ ചെറുതല്ല ചെറുധാന്യങ്ങൾ എന്ന കാമ്പയിന് തുടക്കം കുറിച്ചതെന്ന് ഉദ്ഘാടക പറഞ്ഞു. ബ്ലോക്ക് പഞ്ചായത്തംഗം ജയശ്രീ ഗോപികൃഷ്ണൻ, ഗ്രാമപഞ്ചായത്തംഗങ്ങളായ, റംല ലത്തീഫ് ശ്രീദേവി സുധി, കരുമാലൂർ കൃഷി ഓഫീസർ എൽസ ജൈൽസ് എന്നിവർ മുഖ്യാതിഥികളായിരുന്നു. കോട്ടുവള്ളി കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് എസ്.കെ. ഷിനു മില്ലറ്റ് കൃഷി പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. വിദ്യാർത്ഥികളെ ചെറുമണി ധാന്യങ്ങൾ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജൈവരാജ്യം മില്ലറ്റ് എക്സിബിഷനും നടന്നു.



## നീരുറവ് - കബനിക്കായ് വയനാട് നീർച്ചാൽ പുനരുജ്ജീവനം ജില്ലാതല ഉദ്ഘാടനം



ഹരിതകേരളം മിഷന്റെയും മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും നേതൃത്വത്തിൽ കബനിക്കായ് വയനാട്, നീരുറവ് കാമ്പയിനുകളുടെ ഭാഗമായി നടത്തുന്ന നീർച്ചാൽ പുനരുജീവന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം എടവക ചെറുവയൽ തോടിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ നിർവഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ.സുരേഷ് ബാബു സ്വാഗതം ആശംസിച്ചു. എടവക ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എച്ച്.ബി. പ്രദീപ് അധ്യക്ഷത വഹിച്ചു. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി മുഖ്യാതിഥിയായി. ദേശീയ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ പി.സി. മജീദ് പദ്ധതി വിശദീകരണം നടത്തി. ജില്ലയിൽ നടന്നു വരുന്ന ജല സംരക്ഷണ പ്രവർത്തന ങ്ങളിൽ ഏർപ്പെടുന്ന വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് വരൾച്ചയെ നേരിടാൻ സമഗ്രവും ശാസ്ത്രീയവുമായ മുന്നൊരുക്കങ്ങൾ നടത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കബനി നദി പുനരുജീവനം ലക്ഷ്യമാക്കി ഹരിതകേരളം മിഷന്റെ കബനിക്കായ് വയനാട് കാമ്പയിന്റെ ഭാഗമായി 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാപിംഗ് പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ മാപിംഗ് നടത്തി അടയാളപ്പെടുത്തിയ നീർച്ചാലുകളിൽ വീണ്ടെടുപ്പിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. നീരുറവ്, കബനിക്കായ് വയനാട് കാമ്പയിനുകൾ ഒരുമിച്ചാണ് മുന്നോട്ട് കൊണ്ടുപോകുന്നത്. കൂടാതെ ജലസുരക്ഷക്കായി ബ്ലോക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ജലബജറ്റിലെ കണ്ടെത്തലുകൾ ഉൾപ്പെടുത്തിയാണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## ഹരിത വിദ്യാലയമായി ചീരഞ്ചിറ ഗവ. യു.പി. സ്കൂൾ

കോട്ടയം ജില്ലയിൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ ചീരഞ്ചിറ ഗവ. യു.പി. സ്കൂൾ ഇനി മുതൽ ഹരിത വിദ്യാലയം. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലുള്ള ഹരിത വിദ്യാലയം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 2019 മുതൽ തന്നെ ഈ സ്കൂളിൽ ആരംഭിച്ചതാണ്. ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ ഹരിതവിദ്യാലയ പ്രഖ്യാപനവും അനുമോദനപത്ര വിതരണവും നിർവഹിച്ചു. കൃഷി, മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു.



ചീരഞ്ചിറ ഗവ. യു.പി. സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾക്ക് വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് ഭരണസമിതി, വാർഡ് മെമ്പർ, സ്കൂൾ വികസന സമിതി, പ്രധാനാധ്യാപിക, മറ്റ് അധ്യാപകർ, വിദ്യാർഥികൾ, പി.ടി.എ., ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ എന്നിവർ നൽകിയ കൃത്യമായ ഇടപെടലുകളും സഹകരണവും നേതൃത്വവും സ്കൂളിനെ ഹരിത വിദ്യാലയമാക്കാൻ സഹായകമായി.

## രാമനാട്ടുകര നഗരസഭയിൽ ഹരിത കർമസേനയ്ക്കായി ഹൈജീൻ കാർണിവൽ

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭ ഹരിത കർമസേനാംഗങ്ങൾക്കും ശുചീകരണ ജീവനക്കാർക്കും മെഡിക്കൽ കാമ്പ്, യൂണിഫോം, സുരക്ഷാ ഉപകരണങ്ങളുടെ വിതരണം, അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഇലക്ട്രിക് ഗുഡ്സ് ഓട്ടോ കൈമാറ്റം ചെയ്യൽ - എന്നിങ്ങനെ വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഹൈജീൻ കാർണിവൽ ഉദ്ഘാടനം രാമനാട്ടുകര കുടുംബാരോഗ്യ കേന്ദ്രത്തിൽ വച്ച് നഗരസഭാ ചെയർപേഴ്സൺ ബുഷറ റഫീഖ് നിർവഹിച്ചു. വൈസ് ചെയർമാൻ കെ. സുരേഷ് അധ്യക്ഷത വഹിച്ചു. നഗരസഭ ഹരിത കർമസേനാംഗങ്ങൾക്കും ശുചീകരണ തൊഴിലാളികൾക്കുമായി ഫാമിലി ഹെൽത്ത് സെന്റർ ആരോഗ്യ വിഭാഗം ജീവനക്കാരുടെ സഹകരണത്തോടെ രക്തപരിശോധന, ബ്ലഡ് ഷുഗർ, രക്തസമ്മർദ്ദം, മറ്റ് ആരോഗ്യ പരിശോധനകൾ എന്നിവ നടത്തി ഹെൽത്ത് കാർഡ് വിതരണം ചെയ്തു.

## നീർച്ചാലുകളുടെ വീണ്ടെടുപ്പ് പ്രവർത്തനങ്ങൾക്ക് കോട്ടയം ജില്ലയിൽ തുടക്കമായി




ഹരിതകേരളം മിഷൻ ജലബജറ്റ് തയ്യാറാക്കിയിട്ടുള്ള കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിലെ 7,9 വാർഡുകളിൽ വരുന്ന മൈലാടി തോടിന്റെ നവീകരണ ഉദ്ഘാടനം പൂഞ്ഞാർ എം എൽ എ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫിസർ, ജോയിന്റ് ബി.ഡി.ഒ, ഇറിഗേഷൻ ഉദ്യോഗസ്ഥർ, കുടുംബശ്രീ ചെയർപേഴ്സൺ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ, വി.ഇ.ഒ, കൃഷി ഓഫീസർ, സാങ്കേതിക സമിതി അംഗങ്ങൾ, ഹരിത കർമസേന പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പരിപാടിയിൽ സന്നിഹിതരായിരുന്നു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകി. ജില്ലാതല ഉദ്ഘാടനത്തിന് ശേഷം ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളിൽ നീർച്ചാലുകളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

## ജലബജറ്റ് നീരുറവ് പദ്ധതി ആരംഭിച്ചു

ഹരിതകേരളം മിഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി നടപ്പാക്കുന്ന നീരുറവ് കാമ്പയിൻ കൊല്ലം ജില്ലയിൽ മയ്യനാട് ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. ഹരിതകേരളം മിഷന്റെ ജലസംരക്ഷണ സാങ്കേതിക സമിതിയുടെ സഹായത്തോടെയാണ് ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ ജലസ്രോതസ്സുകൾ വീണ്ടെടുക്കൽ പ്രവർത്തനം നടപ്പിലാക്കുന്നത്. മുഖത്തല ബ്ലോക്കിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് ഒരു നീർച്ചാൽ ശൃംഖലയുടെ വീണ്ടെടുക്കൽ പ്രവർത്തനം ആരംഭിച്ചു. ജില്ലാതല ഉദ്ഘാടനം മയ്യനാട് ഗ്രാമപഞ്ചായത്തിലെ പന്നിമൺ തോട് വീണ്ടെടുക്കൽ പ്രവർത്തനം ആരംഭിച്ചുകൊണ്ട് മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. യശോധ നിർവഹിച്ചു. മയ്യനാട് ഗ്രാമപഞ്ചായത്ത്




പ്രസിഡന്റ് ജെ. ഷാഹിദ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, നവകേരളം കർമപദ്ധതി കോർഡിനേറ്റർ എസ്. ഐസക് എന്നിവർ പങ്കെടുത്തു.

## മഞ്ഞപ്പുഴ, രാമൻപുഴ സമഗ്ര വികസന പദ്ധതി, എം.എൽ.എ.യുടെ നേതൃത്വത്തിൽ അവലോകന യോഗം നടത്തി



കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ മഞ്ഞപ്പുഴ രാമൻപുഴ പുനരുജ്ജീവന സമഗ്ര വികസന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം അഡ്വ. കെ.എം. സച്ചിൻദേവ് എം.എൽ.എ.യുടെ നേതൃത്വത്തിൽ നടത്തി. ബ്ലോക്ക് പ്രസിഡന്റ് വി.കെ. അനിത അധ്യക്ഷയായി. ഹരിതകേരളം മിഷൻ കോർഡിനേറ്റർ പി.ടി. പ്രസാദ് പദ്ധതി സംബന്ധിച്ച് സംസാരിച്ചു. പനങ്ങാട് ഗ്രാമപഞ്ചായത്തിൽ ഉദ്ഭവിക്കുന്ന മഞ്ഞപ്പുഴ ബാലുശ്ശേരി, കോട്ടൂർ, നടുവണ്ണൂർ, ഉള്ളിയേരി പഞ്ചായത്തുകളിലൂടെ ഒഴുകി കോരപ്പുഴയിൽ ചേരുന്നു. മണ്ഡലത്തിലെ പ്രധാന ജലസ്രോതസ് ആയ മഞ്ഞപുഴ-രാമൻ പുഴയുമായി ചേർന്ന സമഗ്ര വികസന പദ്ധതി തയ്യാറാക്കുന്നതിനായി ഹരിതകേരളം മിഷൻ ടീം പുഴ സന്ദർശിച്ച് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുകയും അതിനോടനുബന്ധിച്ച് മണ്ഡലതല ശില്പശാല ബാലുശ്ശേരി ബ്ലോക്കിൽ നടത്തുകയും ചെയ്തിരുന്നു. തുടർന്ന് അഞ്ച് ഗ്രാമപഞ്ചായത്തുകളിലും ശില്പശാലകൾ നടത്തുകയും ചെയ്തു. ഓരോ ഗ്രാമപഞ്ചായത്തുകളിലും പദ്ധതിക്കായി പ്രത്യേക കമ്മിറ്റി രൂപീകരിക്കാനും പുഴ ഒഴുകുന്ന വാർഡുകളിൽ വാർഡ് തല യോഗങ്ങൾ ചേരുവാനും പുഴ നടത്തങ്ങൾ സംഘടിപ്പിക്കാനും അതിലൂടെ കണ്ടെത്തുന്ന പ്രശ്നങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് നിർദേശം നൽകിയിരുന്നു.



## കോഴിക്കോട് ജില്ലയിൽ നീരുറവ് പദ്ധതിക്ക് തുടക്കമായി

വരൾച്ചാ പ്രതിരോധത്തിന്റെ ഭാഗമായ നീരുറവ് പദ്ധതിയുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം 2023 നവംബർ ഒന്നിന് കുന്നമംഗലം ഗ്രാമപഞ്ചായത്തിലെ കക്കോട്ടിരി പാടത്ത് വെച്ച് അഡ്വ. പി.ടി.എ. റഹീം എം.എൽ.എ. നിർവഹിച്ചു. കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അരിയിൽ അലവി മുഖ്യാതിഥിയായി. ജലബജറ്റ് തയ്യാറാക്കിയ കുന്നമംഗലം ബ്ലോക്കിൽ തുടർപ്രവർത്തനം ആരംഭിച്ച് മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും നീരുറവ് പദ്ധതിയുടെ ജലസംരക്ഷണ പദ്ധതികൾ കണ്ടെത്തുന്നതിന് ഇതിനോടകം തുടക്കം കുറിച്ചിട്ടുണ്ട്. കുന്നമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് 12ലെ ചാത്തൻകാവ് തോട് വീണ്ടെടുക്കൽ പ്രവർത്തനം ഇതിന് മാതൃകയാണ്. അതോടൊപ്പം ചെറുപുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കൽ പ്രവർത്തനവും നടന്നു വരുന്നു.

## സ്നേഹാരാമം പദ്ധതി പത്തനംതിട്ട ജില്ലയിൽ തുടക്കമായി

തദ്ദേശ സ്വയംഭരണ വകുപ്പും, നാഷണൽ സർവീസ് സ്കീമും ചേർന്ന് മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി നടപ്പിലാക്കുന്ന സ്നേഹാരാമം പദ്ധതിക്ക് പത്തനംതിട്ട ജില്ലയിൽ തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ ഓമല്ലൂർ ശങ്കരൻ നിർവഹിച്ചു.

മാലിന്യം തള്ളൽ കേന്ദ്രങ്ങൾ കണ്ടെത്തി സൗന്ദര്യവൽക്കരിച്ച് സ്നേഹാരാമങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ആണ് എൻ.എസ്.എസ്. ഈ വർഷത്തെ പ്രധാന പരിപാടിയായി ഏറ്റെടുത്തിട്ടുള്ളത്. കത്തോലിക്കേറ്റ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ പത്തനംതിട്ട പുതിയ സ്വകാര്യ ബസ് സ്റ്റാൻഡ് പരിസരത്ത് ആദ്യ ഘട്ടത്തിൽ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇവിടെ പൂന്തോട്ടം, സൗന്ദര്യവൽക്കരണം എന്നിവ നടത്തുകയും, മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നഗരസഭയുടെ നേതൃത്വത്തിൽ ബോർഡ് സ്ഥാപിക്കുകയും ചെയ്തു.

ചടങ്ങിൽ നഗരസഭ ആരോഗ്യ സ്ഥിരംസമിതി അധ്യക്ഷൻ ജെറി അലക്സ്, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ജി. അനിൽകുമാർ, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ ബൈജു റ്റി. പോൾ, കെ.എസ്.ഡബ്ല്യൂ എം.പി. സോഷ്യൽ എക്സ്സ്പർട്ട് ശ്രീവിദ്യ, കതോലിക്കേറ്റ് കോളേജ് പ്രോഗ്രാം ഓഫീസർ ഗോകുൽ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.



# കണ്ണൂർ ജില്ലയിൽ നീരുറവ് പ്രവർത്തനങ്ങൾക്ക് തുടക്കം

കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് നവംബർ ഒന്നിന് തുടക്കമായി. മഴവെള്ളം പരമാവധി സംഭരിക്കാനുള്ള പ്രവർത്തനങ്ങളാണ് ജില്ലയിൽ നടപ്പാക്കുന്നത്. കുടാളി ഗ്രാമപഞ്ചായത്തിലെ നാരങ്ങാട്ടുമൂല തോടിന്റെ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ ഉദ്ഘാടനം ചെയ്തു. വരൾച്ച നേരിടുന്ന എല്ലാ ഇടങ്ങളിലും വ്യാപകമായി മഴ വെള്ള റീച്ചാർജിന് പദ്ധതികൾ നടപ്പിലാക്കൽ, നീർച്ചാലുകൾ ശുചീകരിച്ച് താൽക്കാലിക തടയണകൾ തയ്യാറാക്കൽ, തുടങ്ങിയ പ്രവർത്തനങ്ങളാണ് ആദ്യ ഘട്ടത്തിൽ ആരംഭിക്കുക. നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ ജില്ലയിലെ 26 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 63 പ്രവൃത്തികൾക്ക് തുടക്കം കുറിച്ചു. ഈ വർഷം ജില്ലയിൽ 4500 താൽക്കാലിക തടയണകളും (ബ്രഷ് വുഡ് ചെക്ക്ഡാം) 210 സ്ഥിരം തടയണകളും നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.




ഇതിന് പുറമേ ജില്ലയിൽ വരുന്ന ആറ് മാസത്തിനകം 10000 വീടുകളിൽ കിണർ റീച്ചാർജ്ജ് സംവിധാനം ഒരുക്കും. 1800 പുതിയ ഓപ്പൺ കിണറുകൾ നിർമ്മിക്കാനും 300 ചെറുകുളങ്ങൾ നിർമ്മിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. ജില്ലാതല ഉദ്ഘാടന സമ്മേളനത്തിൽ കുടാളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷൈമ പി.കെ. അധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ സ്വാഗതവും കുടാളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ.പി.സുധീർ നന്ദിയും പറഞ്ഞു.


# പച്ചത്തുരുത്തുകണ്ട് പച്ചപ്പിന്റെ പാഠം പഠിക്കാം



കാസർഗോഡ് വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ നാട്ടക്കലിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ നല്ല പാഠങ്ങൾ കണ്ടറിഞ്ഞ് പഠിക്കാൻ പച്ചത്തുരുത്തൊരുങ്ങുന്നു. നാട്ടക്കൽ എ.എൽ.പി. സ്കൂൾ പരിസരത്ത് 40 സെന്റിലാണ് പച്ചത്തുരുത്ത് ഒരുങ്ങുന്നത്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഫലവൃക്ഷങ്ങളും, വിവിധയിനം മരങ്ങളും നട്ടുപിടിപ്പിക്കുന്ന വെസ്റ്റ് എളേരി പഞ്ചായത്തിലെ ആദ്യത്തെ ജൈവവൈവിധ്യ പച്ചത്തുരുത്താണിത്. ജില്ലാ പഞ്ചായത്തംഗം സി.ജെ. സജിത്ത് ഫലവൃക്ഷത്തൈ നട്ട് പദ്ധതി ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ പിറന്നാൾ സമ്മാനമായി ലഭിക്കുന്നതും രക്ഷിതാക്കൾ നൽകുന്നതുമായ വൃക്ഷത്തൈകളും പച്ചത്തുരുത്തിൽ ഇടം പിടിച്ചിട്ടുണ്ട്.

# തിരുവനന്തപുരം വിമൺസ് കോളേജിൽ തുമ്പൂർമുഴിയുടെ ഉദ്ഘാടനം

തിരുവനന്തപുരം വിമൺസ് കോളേജ് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനത്തിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ഉറവിട മാലിന്യ സംസ്കരണ സംവിധാനമായ തുമ്പൂർമുഴിയുടെ പ്രവർത്തനോദ്ഘാടനം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ഗായത്രി ബാബു നിർവഹിച്ചു.



# പാലക്കാട് ജില്ലയിൽ നീരുറവ് ജലസംരക്ഷണ പ്രവർത്തനങ്ങൾ

നവംബർ ഒന്നിന് പാലക്കാട് ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും പഞ്ചായത്തുകളിലും നീരുറവ ജല സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പാലക്കാട് ജില്ലയിലെ നീരുറവ് ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ബ്ലോക്ക്തല ഉദ്ഘാടനം നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീലാമണി നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വത്സലയുടെ അദ്ധ്യക്ഷത വഹിച്ചു. എല്ലാ ബ്ലോക്കുകളിലും ഗ്രാമ പഞ്ചായത്തുകളിലും സാങ്കേതിക സമിതി ചേർന്നു വിലയിരുത്തി കണ്ടെത്തിയ ജലം - മണ്ണ് -ജൈവസമ്പത്ത് സംരക്ഷണ പ്രവൃത്തികൾ നവംബർ 1 മുതൽ നടപ്പിലാവുകയാണ്. തൊഴിലുറപ്പ് തൊഴിലാളി കൾക്ക് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം




നമ്മുടെ മണ്ണും ജലവും ജൈവസമ്പത്തും ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും പ്രസിഡന്റ് മാരും ജനപ്രതിനിധികളും തുടക്കം കുറിച്ചു.

# കേരളീയം 2023 നോടനുബന്ധിച്ച് ഹരിത കേരളത്തിന്റെ ഇൻസ്റ്റലേഷനുകൾ

കൈക്കുമ്പിളിലെ മഴത്തുള്ളിക്കുള്ളിൽ തിരിയുന്ന ഭൂഗോളം 'ജലത്തിനാൽ ആണ് ലോകചരാചരങ്ങളെല്ലാം നിലനിൽക്കുന്നത്' എന്നതിനെ സൂചിപ്പിക്കുന്നു. ജലം സംരക്ഷിച്ചാൽ ഭൂമിയെ സംരക്ഷിക്കാം എന്നതാണ് ആശയം. ഭൂഗോളത്തിന് മുകളിലെ പുഴകളും, അരുവികളും, ഡാമുകളും, നീന്തൽ കുളങ്ങളും എല്ലാം ജലത്തിനാൽ രൂപപ്പെടുന്നവയാണ് എന്നതാണ് സൂചിപ്പിക്കുന്നത്. പുറത്തുള്ള കേരളീയത്തിന്റെ ലോഗോ കയർ ഭൂവസ്ത്രത്തിന് മീതെയാണ് നിർമ്മിച്ചിട്ടുള്ളത്. മണ്ണൊലിപ്പ് തടഞ്ഞ് ജലം സംരക്ഷിക്കുവാൻ ഉപയുക്തമാകുന്ന വസ്തു എന്നതാണ് കയർ ഭൂവസ്ത്രം ഉപയോഗിക്കുവാൻ കാരണം. കയർ വ്യവസായം കേരളത്തിന്റെ തനത് വ്യവസായം കൂടിയാണ്.

നമ്മുടെ ജലചക്രം സജീവതയോടെ പരിപാലിക്കാം (Let Us Keep Our Water Cycle Live) എന്ന സന്ദേശം നൽകാൻ സന്ദർശകർക്ക് ഓരോരുത്തർക്കും ചവിട്ടി കറക്കാൻ കഴിയുന്ന ജലചക്രത്തിന്റെ ഒരു പ്രവർത്തിക്കുന്ന മോഡലാണ് മറ്റൊന്ന്. കേരളീയത്തിന്റെ സന്ദർശകർ ഉള്ളപ്പോഴെല്ലാം അവരുടെ പങ്കാളിത്തത്തോടെ ഈ ചക്രം പ്രവർത്തിച്ചു കൊണ്ടേയിരിക്കും. ഒപ്പം സന്ദർശകർ ഉപയോഗിക്കുന്നതിലൂടെ ജല പരിപാലനത്തിൽ പങ്കാളിത്തത്തിനുള്ള പ്രാധാന്യം കൂടി വ്യക്തമാക്കുന്നു.






Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in